## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1804** **05-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. അൻവർ സാദത്ത്** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ പ്രതിസന്ധി തുടർന്നാൽ ഒരു വിഭാഗം ജീവനക്കാരെ പിരിച്ചുവിടുമെന്ന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | **ഇപ്രകാരം തീരുമാനം എടുത്തിട്ടില്ല.** |
| (ബി) | ഇത് സംബന്ധിച്ച വകുപ്പുമന്ത്രിയുടെ പ്രസ്താവന സർക്കാരിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | **ഇപ്രകാരം തീരുമാനം എടുത്തിട്ടില്ല.** |
| (സി) | കെ.എസ്.ആർ.ടി.സി.യിലെ നിലവിലെ പ്രതിസന്ധിയുടെ കാരണം സർക്കാർ പഠന വിധേയമാക്കിയിട്ടുണ്ടോ; | (സി) | **കൽക്കട്ട ഐ.ഐ.എം-ലെ പ്രൊഫ. സുശീൽ ഖന്നയുടെ നേതൃത്വത്തിൽ പഠന വിധേയമാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുവാൻ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിൽ പ്രസ്താവിച്ച ഡ്യൂട്ടി പാറ്റേൺ പരിഷ്കരണം ശാസ്ത്രീയമായി നടപ്പിലാക്കേണ്ടതുണ്ട്. ഇതിനായി സർക്കാർ സഹായത്തോടെ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ നടപടികളും വിദഗ്ധ ഏജൻസിയായ DIMTS-നെ നിയോഗിച്ച് ഡാറ്റാ ശേഖരണം, ക്രമീകരണം എന്നിവ നടത്തി വരുന്നു. ഇത്തരത്തിൽ മൾട്ടിപ്പിൾ ഷെഡ്യൂൾ ഡ്യൂട്ടികൾ പുനഃക്രമീകരിക്കുക വഴി ജീവനക്കാരെ കൂടുതൽ ഉപയോഗിക്കുവാൻ കഴിയുകയും അധിക ബസ് ഓപ്പറേറ്റ് ചെയ്ത് വരുമാന വർദ്ധനവ് ലഭ്യമാക്കുവാൻ സാധിക്കുകയും ചെയ്യും. ഇത് നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് അനുസരിച്ച് കെ.എസ്.ആർ.ടി.സി.യിലെ എല്ലാ ഡബിൾ ഡ്യൂട്ടികളും സിംഗിൾ ഡ്യൂട്ടി കളാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പ്രകാരം ആറ്റിങ്ങൽ, കണിയാപുരം ഡിപ്പോകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഡ്യൂട്ടി പരിഷ്കരണം നടത്തുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി.യുടെ വരുമാന വർദ്ധനവിലേക്കായി ടിക്കറ്റിതര വരുമാനം ത്വരിതപ്പെടുത്തുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ആയത് പ്രാവർത്തികമാക്കുന്നതിലേക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിച്ചിട്ടുണ്ട്.<br><br>**കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്. ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ, Public Information system മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വരുമാന സ്രോതസുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിങ് പ്രവർത്തനം ആരംഭിച്ചി ട്ടുണ്ട്.** |
| (ഡി) | എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | **കൽക്കട്ട ഐ.ഐ.എം-ലെ പ്രൊഫ. സുശീൽ ഖന്നയുടെ നേതൃത്വത്തിൽ പഠന വിധേയമാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുവാൻ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിൽ പ്രസ്താവിച്ച ഡ്യൂട്ടി പാറ്റേൺ പരിഷ്കരണം ശാസ്ത്രീയമായി നടപ്പിലാക്കേണ്ടതുണ്ട്. ഇതിനായി സർക്കാർ സഹായത്തോടെ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ നടപടികളും വിദഗ്ധ ഏജൻസിയായ DIMTS-നെ നിയോഗിച്ച് ഡാറ്റാ ശേഖരണം, ക്രമീകരണം എന്നിവ നടത്തി വരുന്നു. ഇത്തരത്തിൽ മൾട്ടിപ്പിൾ ഷെഡ്യൂൾ ഡ്യൂട്ടികൾ പുനഃക്രമീകരിക്കുക വഴി ജീവനക്കാരെ കൂടുതൽ ഉപയോഗിക്കുവാൻ കഴിയുകയും അധിക ബസ് ഓപ്പറേറ്റ് ചെയ്ത് വരുമാന വർദ്ധനവ് ലഭ്യമാക്കുവാൻ സാധിക്കുകയും ചെയ്യും. ഇത് നടപ്പിലാക്കി വരുന്നു.**<br><br>**കൂടാതെ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് അനുസരിച്ച് കെ.എസ്.ആർ.ടി.സി.യിലെ എല്ലാ ഡബിൾ ഡ്യൂട്ടികളും സിംഗിൾ ഡ്യൂട്ടി കളാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പ്രകാരം ആറ്റിങ്ങൽ, കണിയാപുരം ഡിപ്പോകളിൽ** |

| | | | |
|---|---|---|---|
| | | | **പരീക്ഷണാടിസ്ഥാനത്തിൽ ഡ്യൂട്ടി പരിഷ്കരണം നടത്തുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.**<br><br>കെ.എസ്.ആർ.ടി.സി.യുടെ വരുമാന വർദ്ധനവിലേക്കായി ടിക്കറ്റിതര വരുമാനം ത്വരിതപ്പെടുത്തുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ആയത് പ്രാവർത്തികമാക്കുന്നതിലേക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിച്ചിട്ടുണ്ട്.<br><br>**കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്. ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ, Public Information system മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വരുമാന സ്രോതസുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംങ് വിങ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ